## സന്തോഷവും സമാധാനവും വേണോ..? 'കാരണവ മനോഭാവം' വേണ്ട....!

മനുഷ്യരടക്കമുള്ള എല്ലാ ജീവജാലങ്ങൾക്കും വാർദ്ധക്യം ജീവിതയാത്രയിലെ ഒരനിവാര്യമായ ഘടകമാണ്. മൃഗങ്ങളും പക്ഷികളുമടക്കമുള്ള ജീവജാലങ്ങളുടെ അവസാനകാലം ശാരീക അവശതകൾ മൂലം ഇരതേടാനോ ശത്രുക്കളെ നേരിടാനോ കഴിയാതെ ദുരിതപുർണ്ണമാകുമ്പോൾ അതിൽനിന്നെല്ലാം വ്യത്യസ്ഥമായി മനുഷ്യർക്ക് മാത്രമാണ് ഈ കാലഘട്ടം സന്തോഷപ്രദവും സമാധാനപൂർണ്ണവുമാക്കാനുള്ള ഭാഗ്യം സിദ്ധിച്ചിരിക്കുന്നത്.

പെൻഷൻ ആനുകൂല്യങ്ങളുള്ള തൊഴലുകളിൽ ഏർപ്പെട്ടിരുന്നവർക്ക് ജോലിചെയ്യാതെ തന്നെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമ്പോൾ അത്തരം അവസരമില്ലാത്തവരും സാമ്പത്തികമായി സുരക്ഷിതരല്ലാത്തവരുമായവരെ മക്കളടക്കമുള്ള ബന്ധുക്കൾ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയാണ് പതിവ്. പാശ്ചാത്യരാജ്യങ്ങളിൽ ഇതിനായി വൃദ്ധസദനങ്ങളടക്കമുള്ള കേന്ദ്രങ്ങൾ സർക്കാർ നിയന്ത്രണത്തിൽതന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും നമ്മുടെ നാട്ടിലും ഇത്തരം സംവിധാനങ്ങളുണ്ടെങ്കിലും ഭൂരിപക്ഷം കുടുംബങ്ങളിലും പ്രായമായവരെ വീടുകളിൽ തന്നെയാണ് സംരക്ഷിച്ചുവരുന്നത്.

അതേസമയം ഒരു ചെറിയ ശതമാനമെങ്കിലും മുതിർന്ന പൗരന്മാർ വീടുകളിൽ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ദിനംപ്രതി പുറത്തുവരുന്ന വാർത്തകൾ ശ്രദ്ധിച്ചാൽ മനസ്സിലാവും. കുടംബപരമായ പലവിധത്തിലുള്ള സാഹചര്യങ്ങളെ ഇതിന് കാരണമായി കണ്ടെത്താമെങ്കിലും തലമുറകൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ് പലതിന്റെയും അടിസ്ഥാനം. അതുകൊണ്ടുതന്നെ മുതിർന്ന പൗരന്മാർ സ്വയം തിരിച്ചറിയുകയും നിത്യജീവിതത്തിൽ പകർത്തേണ്ടതുമായ നിരവധി കാര്യങ്ങളുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട ഒന്നാണ് പിന്നിൽ വരുന്ന തലമുറയെ അംഗീകരിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നത്.

ഞാനുണ്ടാക്കിയ വീടാണ്.... ഇവിടെ ഞാൻ പറയുന്നതാണ് നിയമം. ഞാനാണ് നിങ്ങളെ വളർത്തി വലുതാക്കിയത് അതുകൊണ്ട് ഞാൻ പറയുന്നത് നിങ്ങൾ അനുസരിക്കണം. എനിക്കാണ് ജീവിതാനുഭവം കൂടുതൽ... നിങ്ങൾക്കൊന്നും അറിയില്ല... തുടങ്ങിയ മനോഭാവം നിർഭാഗ്യവശാൽ പല മുതിർന്ന പൗരന്മാരിലും കണ്ടുവരുന്ന ഒന്നാണ്. മക്കളും കൊച്ചുമക്കളുമടങ്ങുന്ന പുതിയ തലമുറയിൽപ്പെട്ടവരാവട്ടെ ഈ 'പഴഞ്ചൻ' ചിന്താഗതികളെ പുച്ഛിച്ചുതള്ളാനും കാലത്തിനും അവരവരുടെ പ്രായത്തിനും അനുസരിച്ച് ജീവിക്കുവാനും ഇഷ്ടപ്പെടുന്നവരുമാണ്. ഈ രണ്ട് ചിന്താഗതികൾക്കിയിൽ രൂപപ്പെടുന്ന അഭിപ്രായവ്യത്യാസങ്ങളും അകൽച്ചയുമെല്ലാം വീടുകളിലെ സമാധാന അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കും.

ഈ സാചര്യത്തിലാണ് വീടുകളൽ സമാധാനം പുലർത്തുവാനും സ്നേഹത്തിന്റെ അന്തരീക്ഷം സൂക്ഷിക്കുകവാനും ചില അടിസ്ഥാനകാര്യങ്ങൾ മനസ്സിലാക്കേണ്ടത്.

പുതിയ തലമുറയുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കാനും അവരുടെ ഇഷ്ടങ്ങളും പ്രതീക്ഷകളും മനസ്സിലാക്കാനും അവയോട് വിശാലമായ മനോഭാവം പുലർത്തനും ശ്രമിക്കണം. വീട്ടിലുള്ള മറ്റംഗങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാനുള്ള മാനസികവസ്ഥ

രൂപപ്പെടുത്തിയെടുക്കുകയും വേണം. ഇതിനായി അവരുടെ താൽപ്പര്യങ്ങളെയും മൂല്യങ്ങളെയും വിലമതിക്കാൻ ശ്രദ്ധയോടെ കേൾക്കണം. എല്ലാകാര്യത്തിലും നിഷേധാത്മകമായ അഭിപ്രായ വ്യത്യാസങ്ങളും എതിർപ്പും പ്രകടിപ്പിക്കുന്നതിന് പകരം വിഷയങ്ങൾ സമാധാനത്തോടെ ചർച്ചചെയ്യാൻ ശീലിക്കണം. ഇതോടൊപ്പം കുടുംബാംഗങ്ങളുമായി എല്ലാകാര്യങ്ങളും തുറന്നു പറയുകയും അവർ പറയുന്നത് ക്ഷമയോടെ കേൾക്കുകയും ചെയ്യണം.

സ്വന്തം ജീവിതശൈലികളെയും ചിന്താഗതികളെയും കാലത്തിനനുസരിച്ച് പുതുക്കാനും മാറ്റിയെടുക്കാനും ശ്രമിക്കണം. സമൂഹത്തിലെ പുതിയ പ്രവണതകളെയും പുതുതലമുറകളുടെ ഇഷ്ടങ്ങളെയും സ്വീകരിക്കാനുള്ള മാനസികനില ഉണ്ടാക്കിയെടുക്കുകയും വേണം. അവരവർ വിശ്വസിക്കുകയും പുലർത്തിപ്പോരുകയും ചെയ്യുന്ന അടിസ്ഥാന മൂല്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ മാറ്റങ്ങൾ ഉൾക്കൊള്ളാനും സ്വീകരിക്കാനും തയ്യാറാവുകയാണ് വേണ്ടത്.

ഇതിന് പുറമെ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളോട് പുറംതിരിഞ്ഞ് നിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഉദാഹരണത്തിന് പുതുതലമുറയൂടെ മൊബൈൽഫോൺ ഉപയോഗം, സോഷ്യൽ മീഡിയകളിലെ ആവേശം എന്നിവയെ പരിഹസിക്കുക, എതിർക്കുക തുടങ്ങിയ പ്രവണതകൾ 'പഴഞ്ചൻ' എന്ന ലേബൽ ഉറപ്പിക്കാൻ മാത്രമേ സഹായിക്കുകയുള്ളു.

സാങ്കേതികവിദ്യകളെ പരിചയപ്പെടാനും സ്വായത്തമാക്കാനും മടികാണിക്കാതെ എപ്പോഴും 'അപ്ഡേറ്റ്' ആവാൻ ശ്രമിക്കുക. ഇത് യുവതലമുറയുമായി ബന്ധപ്പെടുന്നതിനും അവരുമായി ബന്ധം സുഗമമാക്കുന്നതിനും സഹായിക്കും.

ചെസ്സ്, കാരംസ്, കാർഡ്സ് തുടങ്ങിയ ഇരു തലമുറകളും ആസ്വദിക്കുന്ന പ്രവർത്തനങ്ങളുമായി സഹകരിക്കുകയും പങ്കാളികളാവുകയും ചെയ്യുക. പുതിയ സിനിമകൾ, സംഗീതം, ഫാഷൻ എന്നിവയെ ഉൾക്കൊള്ളുകയും അവയെക്കുറിച്ച് ഇളംതലമുറയുമായി ആശയവിനിമയം നടത്തുകയും ചെയ്യുക.

പരസ്പര പഠനത്തിനും പിന്തുണക്കുമായി വ്യത്യസ്ത പ്രായക്കാരെ ബന്ധിപ്പിക്കുന്ന കമ്മ്യൂണിറ്റി പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതും ഗുണംചെയ്യും. തലമുറകൾക്കിടയിൽ പരസ്പര ബഹുമാനവും ധാരണയും വളർത്തിയെടുക്കാൻ ഇത്തരം നടപടികൾ സഹായിക്കും.

ചുരുക്കത്തിൽ ശബ്ദമുയർത്തിയും അധികാരം ഉപയോഗിച്ചും ഭരിക്കാൻ ശ്രമിക്കാതെ സ്നേഹംകൊണ്ട് കീഴടക്കാനായിരിക്കണം ശ്രദ്ധിക്കേണ്ടത്.